## പതിമൂന്നാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1055 — 1/07/2015-ൽ മറുപടിക്ക്

### എസ്.എസ്.എൽ.സി. പരീക്ഷയുടെ മൂല്യ നിർണ്ണയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.സുധാകരൻ<br>ശ്രീ.സി.രവീന്ദ്രനാഥ്<br>ഡോ.കെ.ടി.ജലീൽ<br>ശ്രീ. ജെയിംസ് മാത്യു | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയുടെ മൂല്യ നിർണ്ണയം സംബന്ധിച്ച് ഉയർന്നിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആക്ഷേപങ്ങൾ പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) മൂല്യനിർണ്ണയ ക്യാമ്പുകളിലെ അദ്ധ്യാപക ബാഹുല്യവും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും മൂല്യനിർണ്ണയത്തെ പ്രതികൂലമായി ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) മൂല്യനിർണ്ണയ ക്യാമ്പുകളുടെ തുടക്കത്തിൽ ഇപ്രകാരമുള്ള ചില ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇത് പരിഹരിക്കുവാൻ എല്ലാ ജില്ലകളിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നല്കുകയും അവ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) മൂല്യനിർണ്ണയം വേഗത്തിൽ തീർക്കുന്നതിന് എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത് ; ഇതുമായി ബന്ധപ്പെട്ടു എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത്; ഇതു സംബന്ധിച്ച സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (സി) മൂല്യനിർണ്ണയം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നേരത്തേതന്നെ തീരുമാനങ്ങൾ എടുത്തിരുന്നു. അതു സംബന്ധിച്ച് പുറപ്പെടുവിച്ച പൊതു നിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്. |

(ഡി) എസ്.എസ്.എൽ.സി. ഫലം പ്രഖ്യാപിക്കുന്നതിലുണ്ടായ തിടുക്കം മൂല്യനിർണ്ണയത്തിന്റെ നിലവാരം കുറയാൻ കാരണമായതായി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

(ഡി) മുൻകൂട്ടി നിശ്ചയിച്ച സമയത്തു തന്നെയാണ് 2015-ലെ എസ്.എസ്. എൽ.സി. ഫല പ്രഖ്യാപനം നടത്തിയത്. 2015 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയുടെ ഉത്തര കടലാസുകളുടെ മൂല്യ നിർണ്ണയത്തിൽ യാതൊരു നിലവാര തകർച്ചയും സംഭവിച്ചിട്ടില്ല. മൂല്യ നിർണ്ണയം നടത്തിയ ശേഷം മാർക്കുകൾ എൻട്രി വരുത്തിയതുമായി ബന്ധപ്പെട്ട സാങ്കേതിക തകരാറുകളാണ് ഉണ്ടായിട്ടുള്ളത്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്